''ഭരണഭാഷ-മാതൃഭാഷ''

**വ്യാവസായിക പരിശീലന വകുപ്പ്**
**(കേരള സംസ്ഥാനം)**

നമ്പർ.ജി2/18091/2015. ചാക്ക, തിരുവനന്തപുരം
തീയതി: 25.11.15

**ചുറ്ററിയിപ്പ്**

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് മികവിന്റെ കേന്ദ്രം- ആൾ ഇന്ത്യ ട്രേഡ് ടെസ്റ്റ്- ആഗസ്റ്റ് 2015- റീ-കൗണ്ടിംഗിനുള്ള അപേക്ഷ ക്ഷണിക്കുന്നത്- സംബന്ധിച്ച് -

***************

2015 ആഗസ്റ്റ് മാസം നടന്ന സി.ഒ.ഇ ട്രേഡ് ടെസ്റ്റിൽ പങ്കെടുത്ത ട്രെയിനികൾക്ക് എഴുത്ത് പരീക്ഷയിൽ ഏതെങ്കിലും വിഷയത്തിന് ലഭിച്ചിട്ടുള്ള മാർക്കിന്മേൽ റീ-കൗണ്ടിംഗ് വേണമെന്നുണ്ടെങ്കിൽ ആയതിലേയ്ക്കായി നിർദ്ദിഷ്ട ഫാറത്തിൽ അപേക്ഷ ക്ഷണിക്കുന്നു. (അപേക്ഷ ഫാറത്തിന്റെ മാതൃക ഇതോടൊപ്പം ചേർക്കുന്നു) പൂരിപ്പിച്ച അപേക്ഷ ഒറിജിനിൽ ചെലാൻ രസീത് സഹിതം 10.12.2015 ന് മുൻപ് ഡെപ്യൂട്ടി ഡയറക്ടർ(ട്രെയിനിംഗ്), ട്രെയിനിംഗ് ഡയറക്ടറേറ്റ്, ചാക്ക ഐ.ടി.ഐ കാമ്പസ്, ബീച്ച്.പി.ഒ, തിരുവനന്തപുരം-7 എന്ന വിലാസത്തിൽ ബന്ധപ്പെട്ട ഐ.ടി.ഐ പ്രിൻസിപ്പാൾ മുഖാന്തിരം അപേക്ഷിക്കേണ്ടതാണ്. പ്രിൻസിപ്പാൾമാർ പ്രസ്തുത അപേക്ഷ 15-12-2015 3 പി.എം-ന് മുമ്പായി ട്രെയിനിംഗ് ഡയറക്ടറേറ്റിൽ എത്തിച്ചിരിക്കണം. തോറ്റ വിഷയത്തിന് ഓരോ മോഡ്യൂളിനും 20/- രൂപയും, വിജയിച്ച വിഷയത്തിന് ഓരോ മോഡ്യൂളിനും 50/- രൂപ വീതവുമാണ്. റീകൗണ്ടിംഗിനുവേണ്ടി '0230-എൽ & ഇ-00-800-അദർ റസീപ്റ്റ്സ്-88-അദർ ഐറ്റംസ്' എന്ന ശീർഷകത്തിൽ ഫീസിനത്തിൽ ഒടുക്കേണ്ടതാണ്. മതിയായ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ലാത്തതോ, ഒറിജിനൽ ചെലാൻ ഉൾക്കൊള്ളിച്ചിട്ടില്ലാത്തതോ, അവസാന തിയതിക്കുശേഷം ലഭിക്കുന്നതോ ആയ അപേക്ഷകൾ ഒരു കാരണവശാലും റീ-കൗണ്ടിംഗിന് പരിഗണിക്കുന്നതല്ല. റീ-കൗണ്ടിംഗിനുശേഷം അപേക്ഷകരായ ട്രെയിനികളുടെ റിസൽട്ടിൽ മാറ്റമുണ്ടായിട്ടുണ്ടെങ്കിൽ മാത്രം പ്രസ്തുത വിവരം ട്രെയിനിയെ അറിയിക്കുന്നതാണ്. റീ-കൗണ്ടിംഗ് റിസൽട്ട് ലഭിക്കുന്നതിന് കാലതാമസം നേരിട്ടാൽ ആയത് ഫെബ്രുവരി 2015-ൽ നടക്കുന്ന അഖിലേന്ത്യ ട്രേഡ് ടെസ്റ്റിന് (സി.ഒ.ഇ) അപേക്ഷിക്കാതിരിക്കുന്നതിന് കാരണമാക്കാവുന്നതല്ല.

(ഒപ്പ്)
**അഡിഷണൽ ഡയറക്ടർ ഓഫ് ട്രെയിനിംഗ്.**

**പകർപ്പ്:- സി.ഒ.ഇ ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്ക്**

//ഉത്തരവിൻ പ്രകാരം//

**സീനിയർ സൂപ്രണ്ട്**

എസ്സ്/26.11

## സി.ഒ.ഇ ട്രേഡ് ടെസ്റ്റ് ആഗസ്റ്റ് 2015

## റീ-കൗണ്ടിംഗിന് അപേക്ഷിക്കുന്നതിനുള്ള ഫോറം

1. അപേക്ഷകന്റെ പേരും തപാൽ വിലാസവും (പിൻകോഡ് സഹിതം) :

2. ട്രേഡ് :

3. റോൾ നമ്പർ :

4. ഐ.ടി.ഐ./ഐ.ടി.സി.യുടെ പേര് :

5. റീ-കൗണ്ടിംഗിന് അപേക്ഷിക്കുന്ന വിഷയം/വിഷയങ്ങൾ:

6. റീ-കൗണ്ടിംഗിന് അപേക്ഷിക്കുന്ന വിഷയത്തിന് സെഷണൽ ഒഴികെ ഇപ്പോൾ ലഭിച്ചിട്ടുള്ള മാർക്ക് : 1.
: 2.
: 3.

7. ഈ പരീക്ഷയിൽ ജയിച്ചോ/തോറ്റോ

8. റീ-കൗണ്ടിംഗിനായി ഫീസ് ഒടുക്കിയതിന്റെ വിശദവിവരം

ചെലാൻ നമ്പർ :
തീയതി :
തുക :
ട്രഷറിയുടെ പേര് :

### പ്രതിജ്ഞ

മുകളിൽ രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ ശരിയാണെന്ന് ഇതിനാൽ പ്രതിജ്ഞ ചെയ്യുന്നു. അപേക്ഷയിലെ രേഖപ്പെടുത്തലുകൾ അപൂർണ്ണമോ, അപേക്ഷ നൽകിയിട്ടുള്ളത് നിർദ്ദേശങ്ങൾക്ക് അനുസൃതമോ അല്ലെങ്കിൽ ഈ അപേക്ഷ നിരസിക്കുന്നതിന് എനിക്ക് സമ്മതമാണ്.

അപേക്ഷകന്റെ ഒപ്പ്

### പ്രതിജ്ഞ

.............................................................എന്ന ട്രെയിനി 2015 ആഗസ്റ്റ് സി.ഒ.ഇ.ട്രേഡ് ടെസ്റ്റിൽ ................................................................ ഐ.റ്റി.ഐ.യിൽ നിന്നും ..........................................................................ട്രേഡിൽ പരീക്ഷ എഴുതിയ ട്രെയിനിയാണ്. ടി ട്രെയിനിയുടെ മേൽ പറഞ്ഞിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

ഒപ്പ്
ഐ.ടി.ഐ. പ്രിൻസിപ്പാൾ

(ഓഫീസ് മുദ്ര)

സ്ഥലം :
തീയതി :

എസ്സ്/26.11